## കാരണം – കാണിക്കൽ നോട്ടീസ് നല്കാതെ പിഴ ചുമത്തിയത് റദ്ദാക്കി

## ഛത്തീസ്ഗഢ് ഹൈക്കോടതി

M.A.C. No. 280/2013 Dt. 2.9.2020

രാജേന്ദ്ര അഗ്രവാൽ x ഓംകാർ സിങ്

ബസ്സിലെ കണ്ടക്ടറായി ജോലി ചെയ്ത് വരികയായിരുന്നു 24 വയസ്സുള്ള ധീരജ് സിങ് എന്ന യുവാവ്. 2007–ൽ ഒരു ദിവസം പതിവുപോലെ ബസ്സിൽ കണ്ടക്ടറായി ചുമതല നിർവ്വഹിക്കവേ ബസ് ചക്നാർ എന്ന വില്ലേജിലെത്തിയപ്പോൾ അപകടത്തിൽപ്പെട്ട് തലകീഴായി മറിഞ്ഞു. ബസ്സിനടിയിൽ കുടുങ്ങിയ കണ്ടക്ടർ തൽക്ഷണം മരണമടഞ്ഞു. മരിച്ച തൊഴിലാളിയുടെ ആശ്രിതരായ മാതാപിതാക്കന്മാർ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. നഷ്ടപരിഹാരമായി അവർ ആവശ്യപ്പെട്ടത് 4,39,900 രൂപയും 9% പലിശയും വ്യവഹാരച്ചെലവുമാണ്. വാഹനത്തിന്റെ ഉടമസ്ഥനും ഡ്രൈവറും ഇൻഷുറൻസ് കമ്പനിയും ആശ്രിതരുടെ അവകാശവാദങ്ങൾ നിഷേധിച്ചു. മരിച്ച തൊഴിലാളിയെ കണ്ടക്ടറായി നിയമിച്ചിട്ടില്ലെന്ന് അവർ വാദിച്ചു. തൊഴിലുടമയുടെയും ഇൻഷുറൻസ് കമ്പനികളുടെയും തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് 2,73,087 രൂപ നഷ്ടപരിഹാരമായി നല്കണമെന്ന് തൊഴിലുടമയോടും ഇൻഷുറൻസ് കമ്പനിയോടും നിർദ്ദേശിച്ചു. കൂടാതെ നഷ്ടപരിഹാര തുകയുടെ 40% പിഴ ചുമത്തുകയും ചെയ്തു. എന്നാൽ പിഴ ചുമത്തുന്നതിനു മുമ്പ് തൊഴിലുടമയ്ക്കും ഇൻഷുറൻസ് കമ്പനിക്കും കാരണം–കാണിക്കൽ നോട്ടീസ് നല്കിയിരുന്നില്ല. തുടർന്ന് തൊഴിലുടമയും ഇൻഷുറൻസ് കമ്പനിയും ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തങ്ങൾക്ക് പിഴ ചുമത്താനുള്ള യാതൊരു സാഹചര്യവുമില്ലെന്നും കാരണം–കാണിക്കൽ നോട്ടീസ് നല്കാതെ പിഴ ചുമത്തിയത് നിയമവിരുദ്ധമാണെന്നും പിഴ ചുമത്തണമെന്ന് അപേക്ഷകർ ആവശ്യപ്പെട്ടിട്ടുപോലുമില്ലെന്നും തൊഴിലുടമ വാദിച്ചു. നഷ്ടപരിഹാര തുക നല്കുന്നതിൽ താമസം വന്നതുകൊണ്ടാണ് പിഴ ചുമത്തിയതെന്നും അതിൽ തെറ്റില്ലെന്നും മരിച്ച തൊഴിലാളിയുടെ ആശ്രിതർ വാദിച്ചു. പിഴ ചുമത്താനുണ്ടായ സാഹചര്യം എന്തു തന്നെയായാലും കാരണം–കാണിക്കൽ നോട്ടീസ് നല്കേണ്ടത് നിയമപരമായി ഒഴിച്ചുകൂടാനാവാത്ത വ്യവസ്ഥയാണെന്നും പ്രസ്തുത വ്യവസ്ഥ പാലിക്കാതെ പിഴ ചുമത്തിയത് തെറ്റാണെന്നും ഹൈക്കോടതി വിലയിരുത്തി. പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും പിഴ സംബന്ധിച്ച പുതിയ ഉത്തരവ് നിയമാനുസൃതം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേസ് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് തിരിച്ചയക്കുകയും ചെയ്തു.